പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.742 30.06.2015-ൽ മറുപടിക്ക്

## കാസർഗോഡ് ജില്ല – ഡോക്ടർമാരില്ലാത്ത അവസ്ഥ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിലെ വിവിധ സർക്കാർ ആശുപത്രികളിൽ സ്ഥിരമായി ഡോക്ടർമാരില്ലാത്ത എത്ര തസ്തികകളാണ് നിലവിലുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) കാസർഗോഡ് ജില്ലയിലെ ജനറൽ ആശുപത്രിയിലും, കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലും സ്ഥിരമായി ഡോക്ടർമാരില്ലാത്ത തസ്തികകൾ താഴെ പറയും പ്രകാരമാണ്:<br>ജൂനിയർ കൺസൾട്ടന്റ് (റേഡിയോളജി / റേഡിയോതെറാപ്പി) - ജനറൽ ആശുപത്രിയിലും ജില്ലാ ആശുപത്രിയിലും ഓരോ ഒഴിവ്.<br>ജൂനിയർ കൺസൾട്ടന്റ് (ബ്ലഡ് ബാങ്ക് / ക്ലിനിക്കൽ ലാബ്) - ജില്ലാ ആശുപത്രിയിൽ സ്ഥിരമായി ഡോക്ടറില്ല.<br>ജൂനിയർ കൺസൾട്ടന്റ് (PMR) – ജനറൽ ആശുപത്രിയിൽ ഒഴിവുണ്ട്. |
| (ബി)സ്ഥിരമായി ഡോക്ടർമാരില്ലാത്തതു കാരണം ഐ.സി.യൂണിറ്റടക്കം പ്രവർത്തിക്കാൻ ബുദ്ധിമുട്ടുണ്ടാകുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) കാലവർഷം തുടങ്ങുമ്പോൾ രോഗികളുടെ എണ്ണം കൂടുന്ന സാഹചര്യത്തിൽ ജില്ലയിൽ ഒഴിവുള്ള തസ്തികകളിൽ ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) ജില്ലയിലെ ഒഴിവുള്ള തസ്തികകളിൽ പി.എസ്.സി മുഖേന നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അടിയന്തിര സാഹചര്യത്തിൽ എൻ.ആർ.എച്ച്.എം മുഖേന ഡോക്ടർമാരെ നിയമിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ